പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6920. 13-07-2012 - ൽ മറുപടിയ്ക്ക്

## രാമപുരം പുഴയിൽ റഗുലേറ്റർ-കം-ബ്രിഡ്ജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ നെൽപ്പാടങ്ങളും തെങ്ങ് കൃഷിയും സംരക്ഷിക്കുന്നതിനു വേണ്ടി രാമപുരം പുഴയിൽ വയലപ്രപരപ്പ് പ്രദേശത്ത് ഒരു റഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കണമെന്നത് സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) ഉണ്ട്. വയലപ്ര പ്രദേശത്ത് വി.സി.ബി. നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ആർ.ഐ.ഡി.എഫ്. VIII ൽ ഉൾപ്പെടുത്തി 2002-ൽ പരിഗണിച്ചുവെങ്കിലും ആയതിന് അനുമതി നൽകാനായില്ല. |
| (ബി) പ്രസ്തുത പ്രവൃത്തി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ? | (ബി) ആവശ്യമായ ആയക്കെട്ട് വില്ലേജ് ഓഫീസിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.